**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7923 — 16.07.2014-ലെ മറുപടിയ്ക്ക്

## ഉത്സവകാലത്ത് സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സംഘങ്ങളിലൂടെ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വില്പന നടത്തുവാൻ സ്ഥിരം സംവിധാനം ഒരുക്കാൻ നടപടി സ്വീകരിക്കുമോ; | (എ) സഹകരണ സംഘങ്ങളിലൂടെ സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ നേരിട്ട് വിൽപ്പന നടത്തുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് ഇപ്പോൾ ലക്ഷ്യമിട്ടിട്ടില്ല. എന്നാൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നതും സഹകരണ സംഘങ്ങൾ മുഖേന നടത്തിവരുന്നതുമായ നന്മ സ്റ്റോറുകളിൽ സ്ഥിരമായി പൊതു വിപണിയിൽ നിന്നും 20% വരെ വിലകുറച്ച് 10 ഇനം അവശ്യസാധനങ്ങൾ വിപണനം നടത്തുന്നുണ്ട്. |
| (ബി) റംസാൻ, കർക്കിടകവാവ്, ഓണം തുടങ്ങിയ ആഘോഷങ്ങളും ചടങ്ങുകളും മുൻപിൽകണ്ട് സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക വില്പന ശാലകൾ ആരംഭിക്കുവാൻ സർക്കാർ | (ബി) റംസാൻ, ഓണം തുടങ്ങിയ ഉത്സവകാലങ്ങളിൽ കഴിഞ്ഞ എട്ട് വർഷങ്ങളായി സബ്സിഡി വിപണന മേളകൾ സഹകരണ വകുപ്പിന്റെ സഹകരണത്തോടെ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. |

| | |
|---|---|
| പരിപാടിയുണ്ടോ; വിശദവിവരം നൽകുമോ? | ഈ വർഷവും റംസാൻ, ഓണം കാലങ്ങളിൽ വിപണന മേളകൾ നടത്തുന്നതിനുള്ള നടപടികൾ കൺസ്യൂമർ ഫെഡറേഷൻ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ